DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

**14-05-2021**

# കാർഷികമേഖലാവാർത്തകൾ

## 1. കാർഷികരംഗം ലോക്കാകാതിരിക്കാൻ നടപടികളുമായി കൃഷിവകുപ്പ്

a) സംസ്ഥാനത്തൊട്ടാകെ വേനൽമഴ ലഭിച്ചതിനാലും കാലാവസ്ഥ ആനുകൂലമായതിനാലും ഭക്ഷ്യക്ഷാമം മുന്നിൽകണ്ടുകൊണ്ട് പരമാവധി ഭക്ഷ്യോല്പാദനം ഈ അവസരത്തിൽ ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുകയാണ് കൃഷിവകുപ്പ്. ഒന്നാംവിള നെൽകൃഷിക്കും ഓണക്കാല പച്ചക്കറികൾക്കുമുള്ള നിലം ഒരുക്കുന്നതിന് അനുയോജ്യമായ സമയമാണ് ഇപ്പോൾ.

b) കോവിഡ് പശ്ചാത്തലത്തിൽ വീട്ടിലെ കൃഷിയിൽ താല്പര്യം ഏറി വരുന്നുണ്ട്. ലോക്ക്ഡൗൺ സമയത്ത് വീട്ടിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പലവിധ സഹായങ്ങളും കൃഷിവകുപ്പും അനുബന്ധസ്ഥാപനങ്ങളും ചെയ്യുന്നുണ്ട്. വീട്ടിലെ പച്ചക്കറി കൃഷിയെ കുറിച്ച് ഹ്രസ്വചിത്രങ്ങൾ ഫാം ഇൻഫർമേഷൻ ബ്യൂറോ തയ്യാറാക്കിയത് ബ്യൂറോയുടെ യൂട്യൂബ് ചാനലിലും വെബ്സൈറ്റിലും ( www.fibkerala.gov.in) ലഭ്യമാണ്. കർഷക സൌഹാർദ പരിപാടിയുടെ ഭാഗമായാണ് കൃഷി വകുപ്പ് ഈ സംരംഭത്തിന് തുടക്കം കുറിച്ചിരിക്കുന്നത്. പച്ചമുളക് കൃഷി, മത്തൻ കൃഷി ,പടവല കൃഷി ,പാവയ്ക്ക കൃഷി ,കോവൽ കൃഷി ,വെള്ളരി കൃഷി ,മുരിങ്ങ കൃഷി, വെണ്ട കൃഷി, പയർ കൃഷി തുടങ്ങിയ പച്ചക്കറി വിളകളുടെ കൃഷിരീതികൾ വിശദീകരിക്കുന്ന വീഡിയോകളാണ് അപ് ലോഡ് ചെയ്തിരിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് ഫാം ഇൻഫർമേഷൻ ബ്യൂറോയുമായി ബന്ധപ്പെടുക. ഈ മെയിൽ fibtvm@gmail.com

1. പച്ചമുളക് കൃഷി – https://youtu.be/dTTXQ_hL8E0
2. മത്തൻ കൃഷി – https://youtu.be/qT1DAaBft8o
3. പടവല കൃഷി – https://youtu.be/GdDisPfr558
4. പാവയ്ക്ക കൃഷി – https://youtu.be/9vPGDyPIB0Q
5. കോവൽ കൃഷി – https://youtu.be/nS65ln_lwds
6. വെള്ളരി കൃഷി – https://youtu.be/aL0agFWlkFg
7. മുരിങ്ങ കൃഷി – https://youtu.be/MUixjUNiKkI
8. വെണ്ട കൃഷി – https://youtu.be/S-KH2RSXbtk
9. പയർ കൃഷി – https://youtu.be/oLyx5lhTLIo

## 2. കോഴിക്കുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക്

കുടപ്പനക്കുന്ന് പഞ്ചായത്തിലെ സർക്കാർ അംഗീകൃത എഗ്ഗർ നഴ്സറികളിൽ നിന്നും നാൽപ്പത്തി അഞ്ചു മുതൽ എഴുപത് ദിവസം വരെ പ്രായമായ കോഴിക്കുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക് ലഭ്യമാണെന്ന് കുടപ്പനക്കുന്ന് മൃഗാശുപത്രി വെറ്ററിനറി സർജൻ അറിയിക്കുന്നു. നാൽപ്പത്തഞ്ച് ദിവസം മുതൽ അറുപത് ദിവസം വരെ പ്രായമായ കോഴിക്കുഞ്ഞുങ്ങൾക്ക് ഒന്നിന് നൂറ്റിപ്പത്ത് രൂപയും അറുപത്തി ഒന്നുമുതൽ എഴുപത് ദിവസം വരെ പ്രായമായ കോഴിക്കുഞ്ഞുങ്ങൾക്ക് ഒന്നിന് നൂറ്റിയിരുപത് രൂപയും ആണ് വില. ബന്ധപ്പെടേണ്ട നമ്പറുകൾ ഇനിപ്പറയുന്നു.

8943984514

9544510139

3. **ഹൈടെക് റിസർച്ച് ആൻഡ് ട്രൈനിംഗ് യൂണിറ്റിൽ ഹൈഡ്രോപോണിക്സ് കൃഷിരീതിയിൽ പരിശീലനം**

കേരള കാർഷിക സർവകലാശാല ഹൈ ടെക് റിസേർച്ച് ആന്റ് ട്രെയിനിംങ്ങ് യൂണിറ്റ് ഹൈഡ്രോപോണിക്സ് കൃഷിരീതിയിൽ പരിശീലനം നൽകുന്നു. മണ്ണ് ഉപയോഗിക്കാതെ പൂർണ്ണമായും വെള്ളം ഉപയോഗിച്ച് കൃഷി ചെയ്യാൻ സാധിക്കുന്ന നൂതന കൃഷിരീതിയാണ് ഹൈഡ്രോപോണിക്സ്. ഇൻസ്ട്രക്ഷണൽ ഫാം വെള്ളായണിക്കര വച്ച് നടത്തുന്ന ഈ പരിശീലനം ഓൺലൈൻ പ്ലാറ്റ് ഫോമിലാണ് നടത്തുന്നത്. മേയ് 25 മുതൽ 29 വരെ നീളുന്ന അഞ്ച് ദിവസത്തെ പരിശീലന പരിപാടി എല്ലാ ദിവസവും രാവിലെ 10 30 മുതൽ 12.30 വരെയാണ്. വിവിധതരം ഹൈഡ്രോപോണിക്സ് സിസ്റ്റം, - രൂപകൽപ്പനകൾ, പ്രവർത്തന-ഉപയോഗ-പരിപാലന രീതികൾ, ഇൻസ്റ്റലേഷൻ, രോഗകീടനിയന്ത്രണം, വിളകളുടെ പരിപാലനം, എന്നിവയെകുറിച്ച് വിദഗ്ദർ ക്ലാസ്സുകൾ എടുക്കുന്നതായിരിക്കും. നാലായിരത്തി അഞ്ഞൂറ് രൂപയാണ് പരിശീലന ഫീസ്. പ്രസ്തുത പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ വിശദവിവരങ്ങൾക്കായി താഴെ പറയുന്ന ഫോം നമ്പരിൽ രാവിലെ 10 നും വൈകിട്ട് 4 നും ഇടയ്ക്ക് വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**ഫോൺ നമ്പർ 7025498850/ 9074405964/ 0487 296 0079**

4. **ഓൺലൈൻ കർഷകസംവാദ പരമ്പര**

(a) 'ശാസ്ത്രജ്ഞർ കർഷകോടൊപ്പം ഒരു മണിക്കൂർ' എന്ന ആശയത്തെ മുൻനിർത്തി മണ്ണുത്തി വെറ്ററിനറി കോളേജിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന കർഷകസംവാദ പരമ്പരയിൽ ഇന്ന് (14-05-2021) വൈകിട്ട് 5 മണി മുതൽ 6 മണി വരെ "ഓമന മൃഗങ്ങളിലെ ആരോഗ്യ പരിപാലനം" എന്ന വിഷയത്തിൽ മണ്ണുത്തി വെറ്ററിനറി കോളേജിലെ അസിസ്റ്റൻറ്റ് പ്രഫസർ ഡോ കെ വിനോദ് കുമാർ സംവാദം നയിക്കുന്നതാണ്. സൂം പ്ലാറ്റ് ഫോറത്തിൽ നടക്കുന്ന പ്രസ്തുത സംവാദത്തിന്റെ മീറ്റിംങ്ങ് ഐഡി ഇനി പറയുന്നു. 9895213500. അന്വേഷണങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ - 9895213500. കർഷകർ ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. ഇൻഡ്യൻ വെറ്ററിനറി അസോസിയേഷൻ മണ്ണുത്തി ഘടകത്തിന്റെ സഹായത്താൽ സംയുക്തമായി

(b) കർഷകസംവാദ പരമ്പരയിൽ നാളെ (15-05-2021) വൈകിട്ട് 5 മണി മുതൽ 6 മണി വരെ "ഇറച്ചിക്കോഴി വളർത്തൽ ശാസ്ത്രീയ പിപാലന രീതികൾ" എന്ന വിഷയത്തിൽ കർഷക സംവാദം നയിക്കുന്നത് മണ്ണുത്തി വെറ്ററിനറി കോളേജിലെ അസിസ്റ്റൻറ്റ് പ്രഫസർ ഡോ സുജ സി എസ് ആണ്. സൂം പ്ലാറ്റ് ഫോറത്തിൽ നടക്കുന്ന പ്രസ്തുത സംവാദത്തിന്റെ മീറ്റിംങ്ങ് ഐഡി ഇനി പറയുന്നു. 9895213500. അന്വേഷണങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ - 9895213500.

5. **ടെലി വെറ്ററിനറി സംവിധാനം**

സംസ്ഥാനത്ത് കോവിഡ് 19 വ്യാപനം തുടരുന്ന സാഹചര്യത്തിൽ രോഗപ്രതിരോധ നിയന്ത്രണങ്ങളുടെ ഭാഗമായി പല മേഖലകളെയും കണ്ടയിന്റ്മെന്റ്സോൺ ആയി പ്രഖ്യാപിച്ചിട്ടുണ്ട്. കർഷകരുടെ വളർത്തുമൃഗങ്ങളുടെ പരിപാലനവും മൃഗചികിത്സയും സംബന്ധിച്ച സംശയങ്ങൾ ദൂരീകരിക്കുന്നതിനും ചികിത്സാ ഉപദേശങ്ങൾ നൽകുന്നതിനുമായി മൃഗസംരക്ഷണവകുപ്പിൽ ടെലിവെറ്ററിനറി സംവിധാനം

ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനായി ജില്ലാതലത്തിൽ ഒരുകാൾസെന്റർ എല്ലാ പ്രവർത്തിദിവസങ്ങളിലും രാവിലെ 8 മണിമുതൽ 1 മണിവരെ പ്രവർത്തിക്കുന്നതാണ്. ജില്ലകളിലെ കാൾസെന്ററിലെ ഫോൺ നമ്പർ ഇനി പറയുന്നു. കർഷകർ ഈ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്.

കൊല്ലം -0474-2795076, ഇടുക്കി - 0486-2223878, തൃശ്ശൂർ - 0487-2440232, കണ്ണൂർ - 0497- 2700184, കാസർഗോഡ് - 04994-224624

## 6. കാർഷിക സർവകലാശാല വിള പരിപാലന നിർദ്ദേശങ്ങൾ

കുരുമുളകിന് രണ്ടു വർഷത്തിലൊരിക്കൽ ഒരു ചുവടിന് 500 ഗ്രാം വീതം കുമ്മായം ചുറ്റും വിതറി മുപ്പല്ലികൊണ്ട് വേര് പൊട്ടിക്കാതെ കൊത്തിച്ചേർക്കണം. മണ്ണിന് നനവുങ്കെിൽ വളവും ചേർക്കാം. ഒരു കൊടിക്ക് 10 കിലോഗ്രാം ജൈവവളം നൽകാം. ഇത് അഴുകി ചേരുന്നതോടെ 55 ഗ്രാം യൂറിയയും, 125 ഗ്രാം റോക്ക് ഫോസ്ഫേറ്റും, 125 ഗ്രാം പൊട്ടാഷും ഇട്ടു കൊടുക്കണം. കുരുമുളകു തോട്ടങ്ങളിൽ ദ്രുതവാട്ടത്തിനെതിരെ മുൻകരുതലുകൾ എടുക്കേണ്ട സമയമാണിത്. ദ്രുതവാട്ടം വന്ന് ഉണങ്ങിയതും കേടുവന്നതുമായ വള്ളികൾ മുറിച്ചു മാറ്റി തീയിട്ടു നശിപ്പിക്കണം. ദ്രുതവാട്ടത്തിനെതിരെ ട്രൈക്കോഡെർമ്മ എന്ന കുമിളിന്റെ കൾച്ചർ ഉപയോഗിക്കുന്നത് ഫലപ്രദമായിരിക്കും. ഒരു കിലോഗ്രാം ട്രക്കോഡെർമ്മ 10 കിലോഗ്രാം വേപ്പിൻപിണ്ണാക്ക്, 90 കിലോഗ്രാം ഉണക്കിപ്പൊടിച്ച ചാണകം എന്നിവ ചേർത്ത് നല്ല തണലുള്ളതും വെള്ളം കയറാത്തതുമായ സ്ഥലത്ത് കൂട്ടിക്കലർത്തി രണ്ടാഴ്ച്ചയിടണം. ഇടയ്ക്ക് ഇളക്കി കൊടുക്കുകയും, ചെറിയ ഈർപ്പം നിലനിർത്താൻ വെള്ളം തളിയ്ക്കുകയും വേണം. അതിന് ശേഷം ഈ മിശ്രിതം ചെടിയുടെ ചുവട്ടിൽ ചേർത്ത് കൊടുക്കണം.